പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 878      20-03-2013 - ൽ മറുപടിയ്ക്ക്

## ഇരുമ്പോത്തിങ്കൽ കടവിൽ റഗുലേറ്റർ കം-ബ്രിഡ്ജ് നിർമ്മിക്കുവാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.എൻ.എ.ഖാദർ | ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) വള്ളിക്കുന്ന് നിയോജക മണ്ഡലത്തിലെ മണ്ണെട്ടാംപാറ ചെറി അണക്കെട്ട് പൂർണ്ണമായും നശിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) പൂർണ്ണമായും തകർന്നിട്ടില്ല. |
| (ബി) പ്രസ്തുത അണക്കെട്ട് തകർന്നതിനാൽ ഉപ്പുവെള്ളം കയറുന്നതുമൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിനായി ഇരുമ്പോത്തിങ്കൽ കടവിൽ ഒരു റഗുലേറ്റർ കം-ബ്രിഡ്ജ് നിർമ്മിക്കുവാൻ തയ്യാറാക്കിയ എസ്റ്റിമേറ്റിന്മേൽ എന്തു നടപടിയാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കുമോ ;<br><br>(സി) ആയിരക്കണക്കിന് കുടുംബങ്ങൾക്ക് കാർഷിക-ഗാർഹികാവശ്യങ്ങൾക്കുള്ള വെള്ളം ലഭിക്കുവാൻ സഹായകമായ പ്രസ്തുത പദ്ധതി എത്രയും വേഗം നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ ? | (ബി) & (സി)<br>തേഞ്ഞിപ്പലം - വള്ളിക്കുന്ന് പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ഇരുമ്പോത്തിങ്കൽ കടവ് ആർ.സി.ബിയുടെ നിർമ്മാണത്തിന് വേണ്ടി അപ്രോച്ച് റോഡിനുള്ള സ്ഥലവും അയക്കെട്ടും പഞ്ചായത്ത് ലഭ്യമാക്കേണ്ടതായിട്ടുണ്ട്. ഇവ ലഭിച്ചതിന് ശേഷമേ ഇതിന്റെ തുടർ നടപടികൾ ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ.